# <u>പത്രക്കുറിപ്പ്</u>

**06.02.2018** തീയതി UDF ന്റെ നേതൃത്വത്തിൽ തിരുവനന്തപുരം മുതൽ കൊല്ലം വരെ നീളുന്ന ബാനർ പ്രദർശനവുമായി ബന്ധപ്പെട്ട് നഗരത്തിൽ ഗതാഗതക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.

ബാനർ പ്രദർശനം ആരംഭിക്കുന്ന സെക്രട്ടറിയേറ്റ് മുതൽ കഴക്കൂട്ടം, കണിയാപുരം വരെയുള്ള ദേശീയ പാതയുടെ ഇടതു വശം 06.02.2018 തീയതി വൈകുന്നേരം 03.00 മണി മുതൽ 06.00 മണിവരെ ഗതാഗതക്രമീകരണം ഉണ്ടായിരിക്കുന്നതും, നഗരത്തിലെ പ്രധാന ജംഗ്ഷനുകളായ സ്റ്റാച്യൂ, വി.ജെ.റ്റി, പാളയം, പി.എംജി, പട്ടം, കേശവദാസപുരം, ഉള്ളൂർ, പോങ്ങുമ്മൂട്, ശ്രീകാര്യം, ചാവടിമുക്ക്, പാങ്ങപ്പാറ, കാര്യവട്ടം, കഴക്കൂട്ടം, വെട്ട്റോഡ്, കണിയാപുരം എന്നിവിടങ്ങളിൽ ഈ സമയം ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതും, ടി റോഡുകളിൽ യാതൊരുവിധ പാർക്കിംഗ് അനുവദിക്കുന്നതല്ല.

ബാനർ പ്രദർശനവുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തകരുടെ വാഹനങ്ങൾ ഗതാഗത തടസ്സം കൂടാതെ അവരവർക്കായി പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ പാർക്ക് ചെയ്യേണ്ടതും റോഡിനു പാരാലൽ ആയോ, ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്തിരിക്കുന്ന മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ പാർക്ക് ചെയ്യുവാൻ പാടുള്ളതല്ല. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരി ക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഏതെങ്കിലും ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

അത്യാവശ്യ സമയങ്ങളിൽ പൊതുജനങ്ങൾക്കും ആമ്പുലൻസുകൾക്കും, മറ്റ് എമർജൻസി വാഹനങ്ങൾക്കും പ്രധാന ജംഗ്ഷനുകളിൽ റോഡ് മുറിച്ച് കടന്നുപോകുന്നതിന് അവസരം ഒരുക്കുന്നതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങൾക്കും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.